# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 മാർച്ച് 27, ചൊവ്വ

**നമ്പർ 122**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

സംസ്ഥാനത്തെ നാഷണൽ ഹൈവേകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരം തീരുമാനിക്കുന്നതിലെ അനിശ്ചിതത്വവും അശാസ്ത്രീയമായ അലൈൻമെന്റും പല സ്ഥലങ്ങളിലും സംഘർഷങ്ങൾക്കും ജനങ്ങൾക്കിടയിൽ ആശങ്ക സൃഷ്ടിക്കുന്നതിന് കാരണമാകുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. എൻ. എ. ഖാദറും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) മുസിരിസ്, തലശ്ശേരി പൈതൃക ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എ. എൻ. ഷംസീർ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ദീർഘകാല അവധിയെടുത്ത് മറ്റ് ജോലികൾ ചെയ്തശേഷം തിരികെ ജോലിയിൽ പ്രവേശിച്ച് പെൻഷനും, മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. കെ. ബഷീർ ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1106/2018 (i).

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു :

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | മൂന്നാർ മേഖലയിലെ വില്ലേജുകളിൽ വീടുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | സ്വാഭാവിക മരണം സംഭവിച്ചവരുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്നത് ഒഴിവാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | കമ്പളത്ത് ശങ്കുപ്പിള്ളയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിൽ കോർട്ട് കോംപ്ലക്സിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തിന്റെ വിപുലീകരണം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. അനിൽ അക്കര | ആംബുലൻസ് ഡ്രൈവർമാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. ഉണ്ണി | ഈസ്റ്റ് ഒറ്റപ്പാലം പാലം, കണ്ണിയംപുറം പാലം എന്നിവയുടെ പുനരുദ്ധാരണവും ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണവും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. കെ. സി. മമ്മത് കോയ | ഫറോക്ക് മേഖലയിൽ ഓട്ടു കമ്പനികൾ അടച്ചുപൂട്ടിയത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടിയിൽ കെ.എസ്.ഐ.ഡി.സി. സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോർജ് എം. തോമസ് | കാട്ടുപന്നി ശല്യം തടയുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത് മുതൽ ഇരുപത്തി മൂന്ന് വരെയുള്ള റിപ്പോർട്ടുകൾ.

(2) പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്.

(3) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(I) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബില്ലും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ താഴെപ്പറയുന്ന അംഗങ്ങൾ സംസാരിച്ചു :

ശ്രീ. വി. ഡി. സതീശൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. എം. ഉമ്മർ
ശ്രീ. എൻ. ഷംസുദ്ദീൻ
ഡോ. എൻ. ജയരാജ്

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. കെ. ബഷീറും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ദാസൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. എസ്. അച്യുതാനന്ദനും അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എം. ആരിഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പ്രദീപ്കുമാറും ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയും അവതരിപ്പിച്ച് സംസാരിച്ചു.

ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ലുകൾ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും പാസ്സാക്കുകയും ചെയ്തു.

2018-ലെ കേരള ധനകാര്യ ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെയും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഭേദഗതികൾ കൂടാതെയും പാസ്സാക്കി:

<u>രണ്ടാം വകുപ്പ്</u>

In section 18(2)(i), proposed to be substituted in the Abkari Act, 1077 by clause 2(2)(a)(i) the words and brackets "Liquor (Indian Made)"shall be substituted with the words and brackets "Liquors (India Made)".

<u>നാലാം വകുപ്പ്</u>

1. In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4(1), for the words and symbol "son, daughter" the words and symbol "son, adopted son, daughter, adopted daughter" shall be substituted.

2. In the proviso to section 45B(5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), the word "deficit" shall be substituted with the word "deficient".

3. In the proviso to section 45B(5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), for the word "act" the word "Act" shall be substituted.

<u>ഏഴാം വകുപ്പ്</u>

In Clause 7(1)(b) for the figures and words "30 th June, 2018" substitute the figures and words "31st December, 2018."

<u>ഒൻപതാം വകുപ്പ്</u>

In Clause 9(b), the figures and words "30th June 2018" shall be substituted with "31st December 2018".

<u>പത്താം വകുപ്പ്</u>

1. In the proviso to sub-section(1) of section 25E of the Kerala Value Added Tax Act, 2003 proposed to be inserted by clause 10(6)(a), the words "Specified in sub-section (1)" shall be deleted.

2. In Clause 10 (6) (c), for the word "June" substitute the word "September".

3. In Clause 10(7) (b), for the word "June" substitute the word "September".

In section 31B(a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters "20th" substitute the figures and letters "30th".

4. In section 31B(b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figures and letters "20th", substitute the figures and letters "30th".

5. In section 31 B(c) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the figures "12"substitute the figures "36".

6. In clause 10(6) (a), for the words "to sub-section (1), the following shall be inserted, namely:—

"(a) in sub-section (1);—

(i) for the words "31st March, 2016", the words "31st March 2017" shall be substituted;

(ii) the following proviso shall be added, namely:—"

(II) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. കെ. ശശിയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. റോജി എം. ജോണും അവതരിപ്പിച്ചു. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ല് വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു:

<u>അഞ്ചാം വകുപ്പ്</u>

In section 5D proposed to be inserted in the principal Act by Clause 5 for the words "only for Assembly Committee meetings", the words "for attending the meetings of the Legislative Assembly or of any Committee thereof" shall be substituted.

(3) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ആന്റണി ജോണും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. അനിൽ അക്കരയും അവതരിപ്പിച്ചു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ബില്ല് വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

<u>ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം</u> :

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ചു. താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു :

"കാര്യോപദേശക സമിതിയുടെ 27-3-2018-ന് ചേർന്ന യോഗ തീരുമാനപ്രകാരം ഇന്നത്തെ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2018-ലെ കേരള

ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ 2018 മാർച്ച് 28-ന് പരിഗണനയ്ക്ക് എടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76 (1) താത്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു".

<u>സ്പീക്കറുടെ അറിയിപ്പ്</u> :

ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അടുത്ത ദിവസം പരിഗണനയ്ക്കായി വരുമ്പോൾ ധനവിനിയോഗബില്ലിന്റെ കാര്യത്തിലെന്നപോലെ ഒരു മണിക്കൂർ പൊതു ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നതും ബില്ലിന്മേൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്ക് പ്രസ്തുത ചർച്ചയിൽ അത് ഉന്നയിക്കാവുന്നതും മന്ത്രി അത് സ്വീകരിക്കാവുന്നതുമാണ് എന്ന് സ്പീക്കർ അറിയിച്ചു

<u>നിയമനിർമ്മാണം -തുടർച്ച</u> :

(4) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിച്ചു.

2018 മാർച്ച് 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് (വൈകുന്നേരം) 4.48- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Tenth Session**

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, March 27, 2018*

**No. 122**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions*:

Three questions in the list of questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Public Works and Registration, the Speaker withheld consent to the moving of an adjournment motion given notice of by Shri K. N. A. Khader and two other Members regarding the serious situation reported to have arisen due to the prevailing uncertainties in fixing the land acquisition, compensation for the development of National 'Highways in the state and the irrational alignment proposal which created unrest in certain areas and apprehension among people.

*Calling Attention*:

(1) Shri A. N. Shamseer called the attention of the Minister for Co-operation, Tourism and Devaswoms to the necessity to complete the Musiris and Thalassery heritage tourism projects in a time bound manner. The Minister made a statement thereto.

(2) Shri P. K. Basheer called the attention of the Minister for Finance and Coir to the necessity to stop the trend of employees of Government, semi-Government and aided institutions taking long term leave to work elsewhere and then joining back to claim pension and other benefits. The Minister made a statement thereto.

KNPP. 1106/2018 (ii).

*Matters raised under Rule 304 :*

The matters raised under Rule 304 are listed below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | മൂന്നാർ മേഖലയിലെ വില്ലേജുകളിൽ വീടുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | സ്വാഭാവിക മരണം സംഭവിച്ചവരുടെ മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്യുന്നത് ഒഴിവാക്കുന്നത് | മുഖ്യമന്ത്രി |
| 3 | ശ്രീ. ആർ. രാമചന്ദ്രൻ | കമ്പളത്ത് ശങ്കുപ്പിള്ളയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിൽ കോർട്ട് കോംപ്ലക്സിന് സ്ഥലം അനുവദിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ. സി. കൃഷ്ണൻ | പയ്യന്നൂർ ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തിന്റെ വിപുലീകരണം | കൃഷി വകുപ്പുമന്ത്രി |
| 6 | ശ്രീ. അനിൽ അക്കര | ആംബുലൻസ് ഡ്രൈവർമാർക്ക് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ | ഗതാഗത വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. ഉണ്ണി | ഈസ്റ്റ് ഒറ്റപ്പാലം പാലം, കണ്ണിയംപുറം പാലം എന്നിവയുടെ പുനരുദ്ധാരണവും ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണവും | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. കെ. സി. മമ്മത് കോയ | ഫറോക്ക് മേഖലയിൽ ഓട്ടു കമ്പനികൾ അടച്ചുപൂട്ടിയത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. പാറക്കൽ അബ്ദുല്ല | കുറ്റ്യാടിയിൽ കെ.എസ്.ഐ.ഡി.സി. സ്ഥലത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ജോർജ് എം. തോമസ് | കാട്ടുപന്നി ശല്യം തടയുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Report :*

The following Reports were presented.

(1) The Twentieth to Twenty Third Reports of the Committee on Local Fund Accounts.

(2) The First Report of the Committee of Privileges and Ethics.

(3) The Third Report of the Committee on the Welfare of Fishermen and Allied Workers.

*Legislative Business :*

<u>Motion for consideration and further stages of the Bills as reported by the Subject Committee</u>

(1) DR. T. M. Thomas Isaac, Minister for Finance and Coir moved the motion that the Kerala Finance Bill, 2018 and the Kerala Finance (No.2) bill, 2018 as reported by the Subject Committee be taken up for consideration.

The following Members who had recorded their notes of dissent to the Subject Committee report also spoke:

Shri V. D. Satheesan
Shri Adoor Prakash
Shri M. Ummer
Shri N. Samsudheen
DR. N. Jayaraj

Shri P. K. Basheer moved an amendment to circulate the Kerala Finance Bill, 2018 as reported by the Subject Committee for eliciting public opinion and Shri V. S. Achuthanandan as authorised by Shri K. Dasan moved another amendment to recommit the bill to the same Subject Committee and spoke.

Shri A. Pradeepkumar as authorised by Shri A. M. Ariff moved an amendment to circulate the Kerala Finance (No.2) Bill, 2018 as reported by the Subject Committee for eliciting public opinion and Shri Eldose P. Kunnappillil moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister, the amendments moved were withdrawn by the leave of the House. The Bills were then taken up for clause by clause consideration and passed with the following amendments.

<u>The Kerala Finance Bill,2018 (amendments)</u>

*Clause 2*

In section 18(2)(i), proposed to be substituted in the Abkari Act, 1077 by clause 2(2)(a)(i) the words and brackets "Liquor (Indian Made)"shall be substituted with the words and brackets "Liquors (India Made)".

*Clause 4*

In section 2 (fb) proposed to be inserted in the Kerala Stamp Act, 1959 by Clause 4(1), for the words and symbol "son, daughter" the words and symbol "son, adopted son, daughter, adopted daughter" shall be substituted.

In the proviso to section 45B(5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), the word "deficit"Shall be substituted with the word "deficient".

In the proviso to section 45B(5) proposed to be added in the Kerala Stamp Act, 1959 by Clause 4(3), for the word "act" the word "Act" shall be substituted.

*Clause 7*

In Clause 7(1)(b) for the figures words "30th June, 2018"substitute the figures and words "31st December, 2018."

*Clause 9*

In Clause 9(b), the figures and words "30th June 2018" shall be substituted with "31 st December 2018".

*Clause 10*

In the proviso to sub-section(1) of section 25E of the Kerala Value Added Tax Act, 2003 proposed to be inserted by clause 10(6)(a), the words "Specified in sub-section (1)"shall be deleted

In Clause 10 (6)(c), for the word "June" substitute the word "September".

In Clause 10(7)(b), for the word "June" substitute the word "September."

In section 31B(a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figure and letters "20th", substitute the figures and letters "30 th".

In section 31B(b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10(8), for the figures and letters "20th " substitute figures and letters "30th".

In section 31 B (c) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 10 (8), for the figures "12" substitute the figures "36".

In clause 10(6) (a), for the words "to sub-section (1), the following proviso shall be inserted, namely:—

"(a) in sub-section (1),—

(i) for the words "31st March, 2016", the words "31st March 2017" shall be substituted;

(ii) the following proviso shall be added, namely:—"

(2) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Law, Culture and Parliamentary Affairs moved the motion that the Kerala Payment of Salaries and Allowances(Amendment) Bill, 2018 as reported by the Subject Committee be taken up for consideration. Shri P. K. Sasi moved an amendment to circulate the Bill for eliciting public

opinion and Shri Roji M. John moved another amendment to recommit the Bill to the same Subject Committee. After the reply by the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Law, Culture and Parliamentary Affairs the amendments moved were withdrawn by the leave of the House. The Bill was then taken up for clause by clause consideration and passed unanimously the following amendments.

*Clause 5*

In section 5D proposed to be inserted in the principal Act by Clause 5 for the words "only for Assembly Committee meetings", the words "for attending the meetings of the Legislative Assembly or of any Committee thereof" shall be substituted.

(3) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs moved the motion that the Kerala Payment of Pension to Members of Legislature (Amendment) Bill, 2018 as reported by the Subject Committee be taken up for consideration. Shri.Antony John moved an amendment to circulate the Bill for eliciting public opinion and Shri Anil Akkara moved another amendment to recommit the Bill to the same Subject Committee. After the replay by the Minister the amendments moved were withdrawn by the leave of the House. The Bill was then taken up for clause by clause consideration and passed unanimously.

(4) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs, on behalf of Chief Minister, moved the following motion.

<u>ചട്ടം സസ്പെൻഡ് ചെയ്യുന്നതിനുള്ള പ്രമേയം</u>

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ എ. കെ. ബാലൻ അവതരിപ്പിച്ച താഴെപ്പറയുന്ന പ്രമേയം സഭ അംഗീകരിച്ചു

"കാര്യോപദേശക സമിതിയുടെ 27-3-2018-ന് ചേർന്ന യോഗ തീരുമാനപ്രകാരം ഇന്നത്തെ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ 2018 മാർച്ച് 28-ന്

പരിഗണനയ്ക്ക് എടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76 (1) താത്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

*Announcement by the Speaker* :

The Speaker made the following announcement regarding the Kerala - fiscal Responsibility (Amendment) Bill 2018.

"ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ നാളെ പരിഗണനയ്ക്കായി വരുമ്പോൾ ധനവിനിയോഗബില്ലിന്റെ കാര്യത്തിലെന്ന പോലെ ഒരു മണിക്കൂർ പൊതു ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നതാണ്. ബില്ലിന്മേൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്ക് പ്രസ്തുത ചർച്ചയിൽ അത് ഉന്നയിക്കാവുന്നതും മന്ത്രിയ്ക്ക് അത് സ്വീകരിക്കാവുന്നതുമാണ്"

(4) *Continuation of Legislative Business* :

DR. T. M. Thomas Isaac, Minister for Finance and Coir, introduced the Kerala Fiscal Responsibility (Amendment) Bill, 2018.

The House adjourned at 4.48 p.m. to meet again at 8.30 a.m. on Wednesday, April 28, 2018.

V. K. BABU PRAKASH,
*Secretary.*